"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ ആലപ്പാട് ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി ആഷാറാണി.പി.എം-ന്റെ ഭർത്താവിന്റെ വൃക്ക മാറ്റിവയ്ക്കൽ ചികിത്സയ്ക്ക് എറാണകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2398/2024/LSGD തീയതി,തിരുവനന്തപുരം, 08-12-2024

---

പരാമർശം:-

1. 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. 22.04.2013-ലെ G.O.(P)No.144/2013/H&FWD നമ്പർ ഉത്തരവ്.
3. 15/12/2017-ലെ G.O.(MS)No.184/2017/H&FWD.
4. 26.10.2021 -ലെ സ.ഉ.(സാധാ നം.2104/2021തസ്വഭവ നം.കത്ത്.
5. ശ്രീമതി.ആഷാറാണി.പി.എം ന്റെ 22.02.2022 - ലെ അപേക്ഷയും ബില്ലുകളും.
6. ആലപ്പാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 28.02.2022 ലെ 20-ാം നമ്പർ തീരുമാനം.
7. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 09.05.2023-ലെ (എൽ.ഡിസ്) എം.ആർ1/43777/2022/ആവഡ നം. കത്ത്.
8. പ്രിൻസിപ്പൽ ഡയറക്ടറുടെ 08-01-2024 - ലെ No.LSGD/PD/7927/2023-DEG1 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊല്ലം ജില്ലയിലെ ആലപ്പാട് ഗ്രാമ പഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി.ആഷാറാണി.പി.എം-ന്റെ ഭർത്താവിന്റെ വൃക്ക. മാറ്റിവയ്ക്കൽ ചികിത്സയ്ക്ക് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചെലവായ 6,73,089/- രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (5) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധ രേഖകൾ സഹിതം പരാമർശം (8) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (7) പ്രകാരം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയുടെ ഭർത്താവിന്റെ ചികിത്സയ്ക്ക് ചെലവായ തുകയിൽ 6,73,089/-രൂപ (ആറ് ലക്ഷത്തി എഴുപത്തി മൂവായിരത്തി എൺപത്തി ഒൻപത് രൂപ മാത്രം) മെഡിക്കൽ റീഇംബേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (6) പ്രകാരം ആലപ്പാട് ഗ്രാമപഞ്ചായത്ത്

തീരുമാനിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ആലപ്പാട് ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീമതി.ആഷാറാണി പി.എം. ന്റെ ഭർത്താവിന്റെ വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്കായി കൊച്ചി മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ 03.11.2021 മുതൽ 25.11.12021 വരെ കാലയളവിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ചിരിക്കുന്ന തുകയായ 6,73,089/- രൂപയുടെ 80% ആയ 5,38,471/-(അഞ്ച് ലക്ഷത്തി മുപ്പത്തിയെട്ടായിരിത്തി നാന്നൂറ്റി എഴുപത്തിയൊന്ന് രൂപ)-യിൽ പരാമർശം (4) പ്രകാരം അനുവദിച്ച 3,00,000/- രൂപ, പലിശരഹിത ചികിത്സാവായ്പയിൽ ക്രമീകരിക്കാവുന്നതും, ശേഷിക്കുന്ന 2,38,471/- രൂപ (5,38,471 - 3.00,000) (രണ്ട് ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി നാന്നൂറ്റി എഴുപത്തിയൊന്ന് രൂപ മാത്രം) നിലവിലെ KCSMA ചട്ടം, 1960 -ലെ വ്യവസ്ഥകൾക്കും, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും ആലപ്പാട് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കൊല്ലം. (പഞ്ചായത്ത് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.

സെക്രട്ടറി, ആലപ്പാട് ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല.

ശ്രീമതി.ആഷാറാണി.പി.എം, സീനിയർ ക്ലാർക്ക്, ആലപ്പാട് ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, .

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (EPA3/224/2024/LSGD ).ത്തരവിൻപ്രകാ

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

സെക്ഷൻ ഓഫീസർ

Date: 13-12-2024 16:19:29